സർക്കാർ ജീവനക്കാർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി

139 (2617) ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. പള്ളിപ്രം ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ സഭയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പ്രീമിയം തുക എത്രയാണ് ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഏതെല്ലാം തരത്തിലുള്ള പരിരക്ഷ എത്രവീതം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം എത്രപേർക്ക് ഇതുവരെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ വാർഷിക പ്രീമിയം 100 രൂപയാണ്.

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് താഴെ പറയുന്ന പരിരക്ഷകൾ ലഭിക്കുന്നു.

1. അപകടംമൂലം മരണം സംഭവിച്ചാൽ നഷ്ടപരിഹാരമായി എട്ട് ലക്ഷം രൂപ അവകാശിക്ക് ലഭിക്കും
2. അപകടംമൂലം പൂർണ്ണമായ അംഗവൈകല്യം സംഭവിച്ചാലും എട്ട് ലക്ഷംരൂപ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.
3. അപകടംമൂലം ഒരു കണ്ണ്/കയ്യ്/കാല് ഇവ നഷ്ടപ്പെട്ടാൽ 4 ലക്ഷം രൂപ (50%) വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(സി) 29-5-2007-ലെ ജി.ഒ. (പി) 221/07/ധന ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നിലവിൽ വന്നത്. 2010 വരെ ഈ പദ്ധതി നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരമാണ് നടത്തിവരുന്നത്. 2011-ൽ പ്രസ്തുത പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി നേരിട്ട് നടത്തിവരികയാണ്. നാളിതുവരെ നാഷണൽ ഇൻഷ്വറൻസ് കമ്പനി 136 ക്ലെയിം തീർപ്പാക്കിയിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി 1-1-2011 മുതൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം നാളിതുവരെ ആർക്കും ആനുകൂല്യം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly